DESPATCHED
On.13/4/22

31/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1826*(2)/2017*/**എസ്.ഐ.സി.തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ ***12298***/എസ്.ഐ.സി-ജി 6/2017)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. പി.എൻ. ശശിധരൻ,
കിഴക്കെടുത്ത്, അറനൂറ്റിമംഗലം (പി.ഒ),
മാവേലിക്കര.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
പോലീസ് ഇൻസ്പെക്ടർ ഓഫീസ്,
മാവേലിക്കര.

2. അപ്പീൽ അധികാരി & ജില്ലാ പോലീസ് മേധാവി,
ജില്ലാ പോലീസ് ഓഫീസ്,
ആലപ്പുഴ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 07/03/2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 16/03/2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 17/04/2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 21/04/2017 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 14/09/2017 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 16/09/2017 |
| ഹിയറിംഗ് നടന്ന തീയതി | 18/03/2022- ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. പി.എൻ. ശശിധരൻ 14/09/2017 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 16/09/2017 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 1826(2)/2017/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 07/03/2017 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1. തഴക്കര ഗ്രാമപഞ്ചായത്ത് ഓഫീസിനുള്ളിൽ കയറി ഒരു വ്യക്തി ബഹളം വയ്ക്കുകയും ഫ്രണ്ട് ഓഫീസിലെ വനിത ജീവനക്കാരിയുൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ അസഭ്യം പറയുകയും ഭീഷണിപ്പെടുത്തുകയും ഒരു മണിക്കൂറിലധികം സമയം ടി ഓഫീസിലെ സർക്കാർ ജീവനക്കാരുടെ ഔദ്യോഗിക കൃത്യ നിർവഹണത്തിനു തടസ്സം സൃഷ്ടിക്കുകയും ചെയ്തതിനെ സംബന്ധിച്ചു ടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 07/01/2017-ൽ രേഖാമൂലം ഒരു പരാതി അയച്ചിരുന്നത് കിട്ടിയിട്ടുണ്ടോ എന്നും
2. മേൽപ്പറയുന്ന പരാതി കിട്ടിയിട്ടുണ്ടെങ്കിൽ സർക്കാർ ഓഫീസിനുള്ളിൽ കയറി, ടി ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യ നിർവഹണത്തിന് തടസ്സം സൃഷ്ടിക്കുകയും, വനിതാ ജീവനക്കാർ ഉൾപ്പെടെയുള്ളവരെ പരസ്യമായി അസഭ്യം പറയുകയും ഭീഷണിപ്പെടുത്തുകയും ചെയ്ത സംഭവം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കേണ്ടതാകയാൽ ടി പരാതി സംബന്ധിച്ചു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നും
3. ഉണ്ടെങ്കിൽ എഫ്.ഐ.ആർ-ന്റെ പകർപ്പ് അനുവദിച്ചു തരണമെന്നും
4. കേസ് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ എന്തുകൊണ്ട് എന്നു വിശദമാക്കാമോ എന്നും
5. ടി പരാതിയിന്മേൽ, നടപടി സ്വീകരിക്കേണ്ടാ എന്നു കാണിച്ചു ടി പഞ്ചായത്തിൽ നിന്നും ആരെങ്കിലും രേഖാമൂലം അറിയിപ്പു നൽകിയിട്ടുണ്ടോ എന്നും
6. ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് അനുവദിച്ചു തരണമെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ 16/03/2017-ന് ഒന്നാം എതിർകക്ഷി മറുപടിയും നൽകിയിട്ടുണ്ട്.

4. 17/04/2017 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 21/04/2017 നൽകിയ മറുപടിയിൽ പ്രസ്താവിച്ചിട്ടുള്ളത് ടിയാൻ മാവേലിക്കര പോലീസ് ഇൻസ്പെക്ടറുടെ ഓഫീസിൽ സമർപ്പിച്ചിരുന്ന അപേക്ഷയ്ക്ക് മറുപടി ലഭിച്ചില്ലെന്ന കാരണം കാണിച്ചുകൊണ്ട് സമർപ്പിച്ചിരിക്കുന്ന അപ്പീൽ അപേക്ഷ അനന്തര നടപടിക്കായി മാവേലിക്കര പോലീസ് സ്റ്റേഷന്റെ അപ്പലേറ്റ് അതോറിറ്റിയായ മാവേലിക്കര പോലീസ് ഇൻസ്പെക്ടർക്ക് അയച്ചു കൊടുത്തിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും 15/03/2022-ന് മാവേലിക്കര എസ്.എച്ച്.ഒ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് അയച്ചു നൽകണമെന്നു കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മാർച്ച് 31-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION * THIRUVANANTHAPURAM *

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV